(ബി) സാമ്പത്തിക ക്രമക്കേടുകൾ, ജീവനക്കാരുടെ നിയമനം, നിർമ്മാണ പ്രവർത്തനങ്ങൾ, അനധികൃതമായ അഡ്വാൻസുകൾ, സ്റ്റോക്കിലെ ക്രമക്കേടുകൾ, അനുമതി കൂടാതെയുള്ള ചെലവുകൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ടാണ് പ്രധാനമായും അഴിമതികൾ ഉയർന്നുവന്നിട്ടുള്ളത്.

(സി) പ്രസ്തുത വിഷയത്തിൽ കൺസ്യൂമർ ഫെഡറേഷനെതിരെയുള്ള ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റിയുള്ള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണമാണ് നടന്നുവരുന്നത്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൂടാതെ കൺസ്യൂമർ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. റിജി ജി. നായർ ഫെഡറേഷനിലെ ജീവനക്കാരായ ശ്രീ. ആർ. ജയകുമാർ, ശ്രീ. എം. ഷാജി, ശ്രീ. സ്വീഷ് സുകുമാരൻ, ശ്രീ. ഷാജു. കെ. എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ഡി) അന്വേഷണം നടന്നുവരുന്നതിനാൽ തുക കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ

127(2328) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഭരണസമിതിയെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ ; എങ്കിൽ സസ്പെൻഡ് ചെയ്യാൻ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ കണ്ടെത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(സി) കൺസ്യൂമർ ഫെഡിൽ ഓപ്പറേഷൻ അന്നപൂർണ്ണ എന്ന പേരിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി)പ്രകാരവും 2011-ലെ 97-ാം ഭരണ ഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25-9-2015-ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിന്റെ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ജോയിന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.) ശ്രീ. പി.പി. ദിലീപ്കുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(സി) കൺസ്യൂമർഫെഡിൽ " ഓപ്പറേഷൻ അന്നപൂർണ്ണ" എന്ന പേരിൽ വിജിലൻസ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് മുൻ മാനേജിംഗ് ഡയറക്ടർ ഡോക്ടർ റിജി ജി. നായരെയും ജനറൽ മാനേജർ ശ്രീ. ആർ. ജയകുമാറിനെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

നിക്ഷേപങ്ങൾക്കുള്ള സുരക്ഷ

128(2329) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം കർമ്മ പരിപാടികൾ നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly